# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4757 27.10.2016 ൽ മറുപടിക്ക്**

**പി.ഡബ്ള്യൂ.ഡി. റോഡുകളിലെ വെള്ളക്കെട്ട്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, അനിൽ അക്കര<br>,, വി.ടി.ബൽറാം | ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) പി.ഡബ്ള്യൂ.ഡി. റോഡുകളിലെ വെള്ളക്കെട്ട് ഒഴിവാക്കാനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | എ) പൊതുമരാമത്ത് വകുപ്പിനു കീഴിൽ വരുന്ന റോഡുകളിലെ വശങ്ങളിൽ വരുന്ന ഓടകളിലും കൂടാതെ കലുങ്കുകളിലും മണ്ണടിഞ്ഞ് റോഡുകളിൽ വെള്ളക്കെട്ട് ഉണ്ടാകുന്ന സാഹചര്യം ഒഴിവാക്കു ന്നതിന്റെ ഭാഗമായി മഴക്കാലത്തിനു മുമ്പായി തന്നെ ഓടകളിലും, കലുങ്കുകളിലും മണ്ണടിഞ്ഞ് കിടക്കുന്നത് മാറ്റി വൃത്തിയാക്കി മഴവെള്ളം സുഗമമായി ഒഴുകിപോകാനുള്ള നടപടികൾ സ്വീകരി ക്കാറുണ്ട്. പുതുതായി നിർമ്മിക്കുന്ന റോഡുകളിലെല്ലാം തന്നെ ഫണ്ടിന്റെയും സ്ഥല ലഭ്യതയും അനുസരിച്ച് ഓടകൾ കൂടി നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| ബി) മഴക്കാല സുരക്ഷാ പ്രവർത്തനങ്ങളുടെ ഭാഗമായി ഓടകൾ വൃത്തിയാക്കുക, കലുങ്കുകൾ വൃത്തിയാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്ക് പ്രത്യേക ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | ബി) മഴക്കാല സുരക്ഷ പ്രവർത്തനങ്ങളുടെ ഭാഗമായി ഓടകൾ വൃത്തിയാക്കുക, കലുങ്കുകൾ വൃത്തിയാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്ക് പ്രത്യേക ഫണ്ട് അനുവദിച്ചിട്ടില്ലെങ്കിലും ഇവ നോൺ പ്ലാനിൽ ഉൾപ്പെടുത്തി മഴക്കാല പൂർവ്വ |

പ്രവൃത്തിയായി ഏറ്റെടുക്കുന്നതിനായി ഈ വർഷം ഈ ഇനത്തിൽ നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ **19.29** കോടി രൂപയും, ദേശീയപാത വിഭാഗത്തിൽ **5.25** കോടി രൂപയും അനുവദിച്ച് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

കെ ആർ എഫ് ബി യുടെ കീഴിൽ വരുന്ന റോഡുകളുടെ ഓടകളും, കലുങ്കുകളും പദ്ധതിയുടെ പരിപാലന ചുമതലയുള്ള കൺസ്ട്രക്ഷൻ കാലാകാലങ്ങളിൽ വൃത്തിയാക്കുന്നുണ്ട്. പ്രസ്തുത പ്രവൃത്തികൾ ഉൾപ്പെടുത്തിയാണ് പദ്ധതിയുടെ കരാർ ഒപ്പ് വച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ